"ഭരണഭാഷ- മാതൃഭാഷ"

# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4147

24.06.2019 ൽ മറുപടിയ്ക്ക്

### പഴയന്നൂർ ഗ്രാമപഞ്ചായത്തിലെ റോഡുകൾക്ക് വനംവകുപ്പിന്റെ അനുമതി

| ചോദ്യം<br>ശ്രീ.യു. ആർ. പ്രദീപ് | | മറുപടി<br>അഡ്വ.കെ.രാജു<br>(ബഹു. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | പഴയന്നൂർ ഗ്രാമപഞ്ചായത്തിൽ വാർഡ് 17ലെ കുമ്പളക്കോട്-മൊട്ടച്ചിക്കുന്ന് റോഡ് 120 മീറ്റർ കോൺക്രീറ്റിംഗ്, വാർഡ് 16 ലെ നീലിക്കുളം റോഡ് 410 മീറ്റർ കോൺക്രീറ്റിംഗ് എന്നീ പ്രവൃത്തികൾക്ക് തൃശ്ശൂർ ഡി.എഫ്.ഒ. യിൽ നിന്നും അനുമതി കിട്ടുന്നതിനായി പഴയന്നൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച അപേക്ഷയിൽ തീർപ്പ് കല്പിച്ചിട്ടുണ്ടോ; | (എ) | പഴയന്നൂർ ഗ്രാമപഞ്ചായത്തിൽ വാർഡ് 17ലെ കുമ്പളക്കോട്-മൊട്ടയ്യിക്കുന്ന് റോഡ് കോൺക്രീറ്റ്, നീലിക്കുളം റോഡ് എന്നീ പ്രവൃത്തികൾക്കായി പഴയന്നൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി തൃശ്ശൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് നൽകിയ അപേക്ഷയിൽ തീർപ്പ് കൽപ്പിച്ചിട്ടില്ല. |
| (ബി) | പ്രസ്തുത അപേക്ഷകളിൽ തീർപ്പ് കല്പിക്കുന്നതിന് കാലതാമസം നേരിടുന്നതിന്റെ കാരണം എന്താണ്; വിശദാംശം വ്യക്തമാക്കുമോ; | (ബി) | അപേക്ഷകളിൽ തീർപ്പ് കൽപ്പിക്കുന്നതിന് മുമ്പായി വനാതിർത്തി, സർവ്വേ നടത്തി തിട്ടപ്പെടുത്തേണ്ടതുണ്ട്. സർവ്വേ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | അപേക്ഷകളിൽ ഉടനെ തീർപ്പ് കല്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ? | (സി) | സർവ്വേ പൂർത്തിയാക്കി അപേക്ഷകളിന്മേൽ ഉടനെ തീർപ്പ് കൽപ്പിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ